## പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 592 — 08.08. 2017 ൽ മറുപടിക്ക്

## കെ. എസ്. ഇ. ബി കാഷ്യർ തസ്തികയിലെ ഒഴിവുകൾ


ചോദ്യം — ശ്രീ.വി.അബ്ദുറഹിമാൻ

ഉത്തരം — ശ്രീ.എം.എം.മണി (വൈദ്യുതി വകുപ്പ് മന്ത്രി)


| ചോദ്യം | ഉത്തരം |
| --- | --- |
| (എ) 12.01.2012 ന ശേഷം കെ. എസ്. ഇ. ബി കാഷ്യർ തസ്തികയിൽ എത്ര പുതിയ ഒഴിവുകൾ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;നിലവിൽ കാഷ്യർ തസ്തികയിൽ എത്ര ഒഴിവുകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്യാനുണ്ട്; | (എ) 48 ഒഴിവുകൾ<br>വൈദ്യുതി ബോർഡിൽ നടപ്പാക്കിയിട്ടുള്ള കമ്പ്യൂട്ടർ അധിഷ്ഠിത ബില്ലിംഗ് അടക്കമുള്ള ആധുനികവൽക്കരണ നടപടികളുടെയും PDA അടക്കമുള്ള ബില്ലിംഗ് സംവിധാനങ്ങളുടെയും ഭാഗമായി ജീവനക്കാരുടെ ജോലി ഭാരത്തിൽ വലിയ വ്യത്യാസം ഉണ്ടായിട്ടുണ്ട്. ഇക്കാര്യങ്ങൾ കണക്കിലെടുത്ത് വിവിധ വിഭാഗം ജീവനക്കാരുടെ സേവനം ക്രമപ്പെടുത്തുന്നതിനുള്ള നടപടികൾ നടക്കുകയാണ്. ഇതിന്റെ അടിസ്ഥാനത്തിലേ കാഷ്യർ/ജൂനിയർ അസിസ്റ്റന്റ് തസ്തികയിൽ എത്ര ജീവനക്കാർ ആവശ്യമുണ്ടാകും എന്നത് തിട്ടപ്പെടുത്താൻ കഴിയൂ. ഇങ്ങനെ തിട്ടപ്പെടുത്തുന്നതിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തുന്ന ഒഴിവുകൾ മാത്രമേ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യാൻ കഴിയൂ. |
| (ബി) മേൽ തസ്തികയിൽ ജോലി ചെയ്യുന്ന ഇതര വിഭാഗം ജീവനക്കാരുടെ എണ്ണം തസ്തിക തിരിച്ച് ലഭ്യമാക്കുമോ; | (ബി) കാഷ്യർ/ജൂനിയർ അസിസ്റ്റന്റ്/സീനിയർ അസിസ്റ്റന്റ് തസ്തികകളുടെ ജോലിഭാരത്തിൽ വന്ന വ്യത്യാസം പരിഗണിച്ച് പുന:ക്രമീകരണം നടക്കുന്ന സാഹചര്യത്തിൽ താൽക്കാലികമായി 64 മസ്ദൂർ, 369 ലൈൻമാൻ ഗ്രേഡ് I&II, 116 ഓഫീസ് അസിസ്റ്റന്റ് തസ്തികകളിലും പ്രവർത്തന ക്രമീകരണം വഴി കാഷ് കളക്ഷൻ ജോലികൾ നിർവ്വഹിക്കുന്നുണ്ട്. പുന:ക്രമീകരണത്തിലൂടെ ഈ ജോലികൾക്ക് മറ്റ് ജീവനക്കാർ എത്തുന്ന മുറയ്ക്ക് ഇവർ തങ്ങളുടെ നിശ്ചയിക്കപ്പെട്ട ജോലികളിലേയ്ക്ക് ക്രമീകരിക്കപ്പെടുന്നതാണ്. |
| (സി) കെ. എസ്. ഇ. ബി യിൽ ബിരുദധാരികളെ ഒഴിവാക്കുന്നു എന്നപരാതിശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത്തരത്തിൽ ബിരുദധാരികളെ ഒഴിവാക്കുന്നത് ഭാവിയിൽ കെ. എസ്.ഇ.ബിയുടെ നിലവാരത്തകർച്ചയ്ക്ക് കാരണമാകും എന്നത് പരിശോധനയ്ക്ക് വിധേയമാക്കുമോ; | (സി) അത്തരത്തിൽ ഒരു പരാതിയും ലഭിച്ചിട്ടില്ല. ഈ വിഷയം പരിശോധനയ്ക്ക് വിധേയമാക്കുന്നതാണ്. |
| (ഡി) കാലാവധി അവസാനിക്കാറായ റാങ്ക് ലിസ്റ്റിൽ നിന്ന് (various board489/2011) അടിയന്തരനിയമനത്തിനും കാലാവധി ദീർഘിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ? | (ഡി) മേൽ നൽകിയിട്ടുള്ള വിധത്തിൽ തിട്ടപ്പെടുത്തുന്ന ഒഴിവുകൾ റിപ്പോർട്ട് ചെയ്യാനാണ് തീരുമാനിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ